LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിൽ ട്രേഡ് സെന്റർ

17 (*677) ശ്രീ. എം. എം. മോനായി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഹാക്കും ചേർന്ന് കൊച്ചിയിൽ ആരംഭിക്കുന്ന ട്രേഡ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ട്രേഡ് സെന്റർ പദ്ധതിയുടെ വിശദാംശം നൽകുമോ ; ഇവിടെ ഏതെല്ലാം പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(സി) പദ്ധതിക്ക് മൊത്തം എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) സാധ്യതാ പഠന റിപ്പോർട്ട് പൂർത്തീകരിച്ച് ഡെവലപ്പറെ സെലക്ട് ചെയ്തശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) കൊച്ചിയിൽ വ്യാപാരാവശ്യത്തിലുള്ള ഒരു ട്രേഡ് & കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി-യും ഹാക്കും ചേർന്ന് ധാരണാ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്. പദ്ധതിയുടെ വിശദമായ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചു വരുന്നു. ടി. പദ്ധതിയിൽ എക്സിബിഷൻ ഹാളുകൾ, കൺവെൻഷൻ കോംപ്ലക്സ്, ഹോട്ടൽ, കൊമേഴ്സ്യൽ ഏരിയ, മിനി ഹാളുകൾ അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

(സി) പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതിച്ചെലവ് സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

അടിയന്തരമായി പുനരുദ്ധരിക്കേണ്ട ജലസ്രോതസ്സുകൾ

18 (*678) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടിയന്തരമായി പുനരുദ്ധരിക്കേണ്ട ജല സ്രോതസ്സുകളുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച് പ്രകൃതിദത്തമായി തന്നെ നിലനിറുത്താനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ&ബി) കേരളത്തിലെ നാല്പത്തിനാല് നദീതടങ്ങളിലായി 4452 സൂഷ്മനീർത്തടങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. നീർത്തടങ്ങളുടെ സംരക്ഷണത്തിനായി ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടത്തിവരുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും നീർത്തട സംരക്ഷണ പരിപാടികൾ നടന്നുവരുന്നു. നദീതടങ്ങളിലുള്ള കുളങ്ങളുടെ കൃത്യമായ വിവരം ശേഖരിക്കുന്നതിനും ഇവയുടെ പുനരുദ്ധാരണത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി ഇക്കൊല്ലത്തെ സംസ്ഥാന ബഡ്ജറ്റിൽ 28.22 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് നദീതട അടിസ്ഥാനത്തിൽ ജലസേചന സൗകര്യം കൂടി ഏർപ്പെടുത്താവുന്ന കുളങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

ഇതു കൂടാതെ കേന്ദ്രസർക്കാരിന്റെ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ഏറ്റെടുക്കേണ്ട ജോലികളിൽ കുളങ്ങളുടെയും ജലസ്രോതസ്സുകളുടേയും പുനരുദ്ധാരണത്തിന് 50.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പരമ്പരാഗത ജലസ്രോതസ്സുകളുടേയും കുളങ്ങളുടേയും പുനരുദ്ധാരണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

പാലക്കാട് ജില്ലയിലെ 240 കുളങ്ങളും പത്തനംതിട്ട ജില്ലയിലെ 105 കുളങ്ങളും കൊല്ലം ജില്ലയിലെ 190 കുളങ്ങളും പുനരുദ്ധരിക്കേണ്ടതാണ്.

പുനരുദ്ധാരണം ആവശ്യമാണെന്നു കണ്ടെത്തിയ കുളങ്ങളുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പുനരുദ്ധാരണത്തിനുള്ള കുളങ്ങളുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ കൊല്ലം ജില്ലയിൽ കേരള ജല അതോറിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സായി ഉപയോഗിക്കുന്ന ശാസ്താംകോട്ട തടാകം കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം തടാകത്തിന്റെ ചുറ്റുപാടിലെ അനധികൃത കയ്യേറ്റം തടയുന്നതിന് അതിർത്തി കല്ലുകൾ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. മലിനീകരണം തടയുന്നതിനും തടാകത്തിന്റെ സംരക്ഷണത്തിനു വേണ്ടിയും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകത്തിനെ 'വാട്ടർ സാങ്ച്വറി' ആക്കാനുള്ള ഒരു പ്രോജക്ട് കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് വാട്ടർ അതോറിറ്റി നടപ്പിലാക്കാനുള്ള നടപടികളെടുത്തുവരുന്നു. കായലിൽ വരുന്ന മലിനജലവും ഖരമാലിന്യങ്ങളും തടയുന്നതിനുവേണ്ടി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സോളിഡ് വേസ്റ്റ് മാനേജുമെന്റിനും വേണ്ടിയുള്ള പ്രൊപ്പോസൽ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച് പ്രകൃതിദത്തമായ രീതിയിൽത്തന്നെ നിലനിർത്തുവാനാണ് ഉദ്ദേശിക്കുന്നത്.

പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ

19 (*679) ശ്രീ. പി. വിശ്വൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിന് ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കേരള സോപ്സ് ആന്റ് ഓയിൽ പാമിറ്റഡിന്റെ സൗകര്യം ഉപയോഗിച്ച് കെ. എസ്. ഐ. ഇ. യുടെ അധീനതയിൽ സോപ്പ് നിർമ്മാണയൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് പരിമിറ്റഡിന്റെ ഉൽപ്പാദന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) കേരള സംസ്ഥാന സാന്ദ്രിസിലേറ്റ്സ്&കെമിക്കൽസിന്റെ 25 ഏക്കർ ഭൂമി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly